**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **12-02-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലിലെ ദുരന്തബാധിതരെ പുനരധിവസിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ചൂരൽമല പുനരധിവാസത്തിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. KIIFCON നെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്/ എംപ്ലോയർ പ്രതിനിധിയായി നിയമിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടൗൺഷിപ്പ് പദ്ധതിയുടെ ഭരണവകുപ്പായി ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഭവനങ്ങളോടു കൂടിയ സമഗ്ര പുനരധിവാസ പദ്ധതിയാണ് നടപ്പാക്കുക. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br><br>വീട് വെച്ച് നൽകുക എന്നത് മാത്രമല്ല പുനരധിവാസം കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ രീതിയിലും ദുരന്തത്തെ അതിജീവിച്ച് ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള ഉപജീവനമാർഗ്ഗങ്ങളുൾപ്പെടെയാണ് പുനരധിവാസം യാഥാർത്ഥ്യമാക്കുന്നത്. അതിനെ സഹായവുമായി മുന്നോട്ടു വരുന്ന എല്ലാവരെയും ചേർത്തു പിടിച്ചു കൊണ്ട് എല്ലാ സഹായങ്ങളും ഏകോപിപ്പിച്ചായിരിക്കും പുനരധിവാസ പദ്ധതി പൂർത്തീകരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ട ലിസ്റ്റിലും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാം ഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി ഒരുമിച്ച് പുനരധിവാസം നടപ്പാക്കും.<br><br>ഇതിനുപുറമെ നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ടൗൺഷിപ്പ് പൂർത്തിയാക്കുന്നതുവരെയുള്ള മേൽനോട്ടപ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട് പുനർനിർമ്മാണ സമിതിയും, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രമുഖ സ്പോൺസർമാരും അടങ്ങുന്ന ഉപദേശക സമിതി, ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതിയും രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ സുതാര്യതയും ഗുണമേന്മയും ചീഫ് സെക്രട്ടറി അധ്യക്ഷതയുള്ള സമിതി ഉറപ്പ് വരുത്തും. പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ കരാർ രേഖകളും പരിശോധിച്ച് ശുപാർശ ചെയ്ത് അംഗീകാരത്തിനായി ചീഫ് സെക്രട്ടറിക്കും ഭരണ വകുപ്പിനും നൽകുന്നതിന് ധനകാര്യ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ ദുരന്തമുഖത്ത് അടിയന്തര സഹായവുമായി എത്തിയ കേന്ദ്ര സർക്കാർ സംസ്ഥാനത്തു നടന്ന ദുരന്തത്തിൽ വ്യത്യസ്ത സമീപനം സ്വീകരിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. വളരെ ചുരുങ്ങിയ സമയം കൊണ്ട് കേന്ദ്ര-സംസ്ഥാന സേനകളെയും സാങ്കേതിക വിഭാഗങ്ങളെയും മറ്റ് സംവിധാനങ്ങളെയും ആവശ്യകതയ്ക്ക് അനുസരിച്ച് ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചു. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം ആർമി അടക്കമുള്ള കേന്ദ്ര സേനകൾ ദുരന്തമുഖത്ത് പ്രവർത്തിക്കുകയും സമാനതകളില്ലാത്ത രക്ഷാപ്രവർത്തനം കാഴ്ച വയ്ക്കുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിലുണ്ടായ സമാന ദുരന്തങ്ങളിൽ സ്വീകരിച്ച അനുഭാവപൂർണ്ണമായ സമീപനം കേന്ദ്ര സർക്കാർ കേരളത്തോട് സ്വീകരിച്ചില്ല. സാധാരണ നിലയിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന SDRF സംഖ്യയല്ലാതെ ചൂരൽമല ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ സാമ്പത്തികമായി ഒരു സഹായവും കേന്ദ്രത്തിൽ നിന്നും ലഭ്യമായില്ല. ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 13 അനുസരിച്ച് ദുരന്ത ബാധിതരുടെ കടങ്ങൾ എഴുതി തള്ളാനുള്ള NDMA-യുടെ അധികാരം പോലും ചൂരൽമലയിലെ ജനങ്ങൾക്കു വേണ്ടി ഉപയോഗിച്ചില്ല. ദുരന്തത്തെ |

| | | | |
|---|---|---|---|
| | | | Disaster of Severe Nature ആയി പ്രഖ്യാപിച്ചതു പോലും 154 ദിവസത്തിനു ശേഷമാണ്. |
| (സി) | വയനാട് ദുരന്തത്തെ അതിതീവ്ര ദുരന്തത്തിന്റെ ഗണത്തിൽപ്പെടുന്നതായി വിജ്ഞാപനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ കാലതാമസം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ദുരന്തം നടന്ന് ഒൻപതാം ദിവസം കേരളത്തിൽ വന്ന് ഇന്റർ മിനിസ്റ്റീരിയൽ സെന്റെർ ടീം പരിശോധന നടത്തിയിട്ടും അഞ്ച് മാസത്തിനു ശേഷം മാത്രമാണ് അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ച കാര്യം കേരളത്തെ അറിയിക്കുന്നത്. കേന്ദ്രം കേരളത്തിനോട് നടത്തിയത് നീതികരിക്കാനാവാത്ത നടപടി ആയിരുന്നു. പ്രഖ്യാപനത്തിനുണ്ടായ കാലതാമസം കേരളത്തിന് ഒരുപാട് അവസരം നഷ്ടപ്പെടുത്തി. |
| (ഡി) | എസ്.ഡി.ആർ.എഫ്. തുക വയനാട് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും ഈ വിഷയത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്നും അറിയിക്കുമോ? | (ഡി) | ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ടുണ്ടായ സമാനതകളില്ലാത്ത നഷ്ടപരിഹാരത്തിന് SDRF മാനദണ്ഡങ്ങൾ പ്രകാരമുള്ള സംഖ്യ ലഭിച്ചതു കൊണ്ട് കാര്യമില്ലെന്നും അധിക സഹായമാണ് നൽകേണ്ടതെന്നും കേരളം നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടു. SDRF-ന്റെ കടുത്ത മാനദണ്ഡങ്ങൾ അവിടെയുണ്ടായ ദുരന്തത്തിന് പരിഹാരമാവില്ലെന്ന് കണക്ക് നിരത്തി കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. പക്ഷെ തികച്ചും നിഷേധാത്മകമായ നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. എന്നാൽ ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട റിട്ട്. പെറ്റീഷൻ 28509/2024-ൻ മേൽ ഉടനടി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്ക് 120 കോടി രൂപ SDRF മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി വിനിയോഗിക്കുന്നതിന് ബഹു. ഹൈകോടതിയുടെ ഡിവിഷൻ ബെഞ്ച് ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ